ഉത്തരം

(എ) 10,113.54 കോടി രൂപ.

(ബി) ഇതിൽ 4,716.79 കോടി രൂപ സംസ്ഥാനം രൂപീകൃതമായതുമുതലും 5,396.75 കോടി രൂപ 1991-92 മുതൽ 1995-96 വരെ എടുത്തിട്ടുള്ളതുമാണ്.

(സി) 31-3-2000-ൽ 20,176.06 കോടി രൂപയാണ് സർക്കാരിന്റെ പൊതുകടം.

(ഡി) 10,062.56 കോടി രൂപ.

(ഇ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ ക്ഷേമ നടപടികൾക്കും വേണ്ടി കൂടുതൽ പണം ചെലവഴിക്കുന്നതാണ് ഇതിനുള്ള പ്രധാനകാരണം. കൂടാതെ ഇപ്പോൾ അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യം സർക്കാരിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. ഇതും മറ്റൊരു കാരണമാണ്.

(എഫ്) ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

ആളോഹരി കടം

15 (403) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന തീയതിലെ കണക്കനുസരിച്ച് സംസ്ഥാനമെടുത്തിട്ടുള്ള വായ്പ എത്ര വീതമായിരുന്നുവെന്ന് പറയുമോ ;

(ബി) ഈ വർഷവും വായ്പയ്ക്ക് ഓരോ വർഷവും എന്തു തുക വീതം പലിശയിനത്തിൽ നൽകേണ്ടതായി വന്നിട്ടുണ്ട് ;

(സി) 2001 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ കടം എത്രയാകുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഇന്നത്തെ ആളോഹരി കടം എത്ര വീതമായിരിക്കും ;

(ഇ) ഇത് സംസ്ഥാനത്തിന്റെ ആളോഹരി പലിശ ബാദ്ധ്യത എത്ര വീതമായിരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	1996 - 97	11,420.91	കോടി രൂപ
	1997- 98	12,868.14	"
	1998- 99	15,700.28	"
	1999- 2000	19,014.94	"
	2000-2001	21,846.50	"

LIBRARY ARCHIVES Kerala Legislative Assembly

(ബി)	1996 - 97	1,103.41	"
	1997- 98	1,286.08	"
	1998- 99	1,446.26	"
	1999- 2000	1,952.27	"

2000-2001 സാമ്പത്തിക വർഷം അവസാനിച്ചാൽ മാത്രമേ യഥാർത്ഥ തുക അറിയാൻ കഴിയൂ.

(സി) ബഡ്ജറ്റ് രേഖകൾ പ്രകാരം 31-3-2001-ൽ സംസ്ഥാനത്തിന്റെ കടം 23,006.90 കോടി രൂപ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 31-3-2001-ലെ യഥാർത്ഥ കണക്കുകൾ പൂർത്തിയാക്കിയാൽ മാത്രമേ ആളോഹരി കടം എത്രയെന്നു പറയാൻ കഴിയൂ.

(ഇ) ഉദിക്കുന്നില്ല.

സാമൂഹ്യക്ഷേമ പെൻഷനുകളിൽ കുടിശ്ശിക

16 (404) ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മാവേതനം , കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ ഓരോന്നിനും എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്നും ഓരോന്നിലും എന്നു മുതലുള്ളതാണ് ഈ കുടിശ്ശിക എന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവ ഓരോന്നിലും എത്ര വീതം കുടിശ്ശിക ഉണ്ടായിരുന്നു ;

(സി) ഇപ്പോഴുള്ള കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിലില്ലായ്മ വേതനം

12/99 മുതൽ 1/2001 വരെയുള്ള 14 മാസത്തെ കുടിശ്ശിക ഉണ്ട്. ഇതിന് 71.01 കോടി രൂപ വേണ്ടി വരും.

കർഷകത്തൊഴിലാളി പെൻഷൻ

1-5-2000 മുതൽ 2/2001 വരെ 10 മാസത്തേയ്ക്ക് 58,07,10,000 രൂപ കുടിശ്ശികയുണ്ട്.

വാർദ്ധക്യകാലപെൻഷൻ, വിധവാ(അഗതി) പെൻഷൻ, അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ എന്നിവയിൽ യഥാക്രമം 425 ലക്ഷം രൂപ, 1,142 ലക്ഷം രൂപ 978 ലക്ഷം രൂപ എന്നിങ്ങനെ കുടിശ്ശികയുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കുടിശ്ശിക കാലയളവ് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly